പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 42

08.02.2016 ലെ മറുപടിയ്ക്ക്

## പ്രകൃതി ദുരന്ത പഠനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റ മേൽനോട്ടത്തിൽ നടക്കുന്ന പ്രകൃതി ദുരന്ത പഠനപ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പ്രകൃതി ദുരന്ത പഠന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. താഴെ പറയുന്നവ അവയിൽ പ്രധാനപ്പെട്ട ചിലതാണ്.<br>1. പരിസ്ഥിതി റിപ്പോർട്ട് വാല്യം 2 , "പ്രകൃതി വിപത്തുകൾ"<br>2. കേരള തീരപ്രദേശത്തെ സുനാമി പരിസ്ഥിതി പ്രത്യാഘാത റിപ്പോർട്ട്.<br><br>പ്രകൃതി ദുരന്തങ്ങളായ ഉരുൾപ്പൊട്ടൽ, വെള്ളപ്പൊക്കം, ഇടിമിന്നൽ, ഭൂമികുലുക്കം, വർണ്ണമഴ തുടങ്ങിയ ദുരന്തങ്ങളെയും പ്രതിഭാസങ്ങളെയും കുറിച്ചുള്ള പഠനങ്ങൾ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിൽ നടക്കുന്നുണ്ട്. അത്തരം പഠനങ്ങൾ അതാത് ഗവേഷണ സ്ഥാപനത്തിന്റെ ഗവേഷണ ഉപദേശക സമിതികളിൽ വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഈ ഗവേഷണസ്ഥാപനങ്ങളുടെ റിപ്പോർട്ടുകളുടെ രത്നചുരുക്കം അതാത് ഗവേഷണ കേന്ദ്രങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാക്കുന്നു. ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പരിസ്ഥിതി വിഷയങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പരിസ്ഥിതി വിവരകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ